# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - സംസ്ഥാന സ്റ്റേഷനറി വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലെ ക്ളാർക്ക് ശ്രീമതി കെ സജിതയ്ക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ മലപ്പുറം ജില്ലയിൽ നിയമനത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

സ.ഉ(സാധാ)നം. 13/2014/തസ്വഭവ　　　　　　　　തീയതി, തിരുവനന്തപുരം 01/01/2014

---

പരാമർശം:1.സ.ഉ(പി)നം. 05/2013/ഉഭപവ തീയതി 06.02.2013
2. ശ്രീമതി കെ സജിതയുടെ 23.09.2013ലെ അപേക്ഷ
3. പഞ്ചായത്ത് ഡയറക്ടറുടെ 09.12.2013ലെ ഇ6-38496/2013 നമ്പർ കത്ത്

## <u>ഉത്തരവ്</u>

സംസ്ഥാന സ്റ്റേഷനറി വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലെ ക്ളാർക്ക് ശ്രീമതി കെ.സജിത അന്തർവകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ മലപ്പുറം ജില്ലയിൽ നിയമനത്തിനായി പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ശ്രീമതി കെ.സജിത ആസ്ഥാന ഒഴിവിൽ 11.02.2013 ൽ സംസ്ഥാന സ്റ്റേഷനറി വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. മലപ്പുറം ജില്ലാ സ്റ്റേഷനറി ഓഫീസിൽ നിലവിലും അടുത്ത 5 വർഷത്തേക്കും ക്ളാർക്കിന്റെ ഒഴിവ് വരാനിടയില്ലെന്നും അന്തർവകുപ്പ് സ്ഥലം മാറ്റം നല്കുന്ന പക്ഷം ജോലിയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്നും സ്റ്റേഷനറി കൺട്രോളർ അറിയിച്ചിട്ടുണ്ട്. ടിയാൾക്ക് അന്തർവകുപ്പ് സ്ഥലംമാറ്റ വ്യവസ്ഥയിൽ നിയമനം നല്കുന്നതിന് മലപ്പുറം ജില്ലയിൽ ഒരൊഴിവ് നിലവിലുള്ളതായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന 1 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സ്റ്റേഷനറി വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലെ ക്ളാർക്ക് ശ്രീമതി. കെ. സജിതയ്ക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ മലപ്പുറം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീമതി. കെ.സജിത പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സെൽവരാജൻ എൽ
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന സ്റ്റേഷനറി കൺട്രോളറുടെ കാര്യാലയം, പി.എം.ജി, തിരുവനന്തപുരം 695 033
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
ശ്രീമതി. കെ. സജിത , ക്ലാർക്ക്, സംസ്ഥാന സ്റ്റേഷനറി കൺട്രോളറുടെ കാര്യാലയം, പി.എം.ജി, തിരുവനന്തപുരം 695 033
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ(എൽ.ബി.എ &എ) കേരള, തിരുവനന്തപുരം
എക്സി. ഡയറക്ടർ, ഐ.കെ.എം ( തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ആഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ